# അരുവിക്കാട്ടിലെ പഞ്ചവർണക്കിളികൾ

14

# വഴിയറിയാതെ



അതിരാവിലെത്തന്നെ പഞ്ചവർണക്കിളി കുടുംബം യാത്രക്കൊരുങ്ങി. ഇനി ഒരു നിമിഷം പോലും അരുവിക്കാട്ടിൽ നിൽക്കാൻ അവർക്ക് അവകാശമില്ല.

മിഥുകുരങ്ങനും ജില്ലി മുയലും റിനി മാനും ഷിനി പുള്ളിമാനും പമ്മു തത്തയും അരുവിക്കാട്ടുകാർ മുഴുവനും അവരെ യാത്രയാക്കാൻ എത്തിയിരുന്നു. എല്ലാവർക്കും പോവരുതെന്ന് പറയണമെന്നുണ്ടെങ്കിലും കാട്ടുനിയമം തെറ്റിക്കാനാർക്കും അവകാശവും അധികാരവുമില്ല.

പഞ്ചവർണക്കിളിക്കുടുംബം എല്ലാവരോടും സമ്മതം വാങ്ങി യാത്ര പുറപ്പെടാനൊരുങ്ങുമ്പോഴാണ് പിന്നിൽ നിന്നും ഒരു പൊട്ടിക്കരച്ചിലുയർന്നത്. അത് പമ്മുതത്തയായിരുന്നു.

“ഞാനും വരും നിങ്ങളുടെ കൂടെ! നിങ്ങളില്ലാതെ എനിക്കിവിടെ കഴിയാൻ പറ്റില്ല!” പമ്മു കരഞ്ഞുകൊണ്ട് പറഞ്ഞു.

“ഈ യാത്ര എങ്ങോട്ടാണെന്ന് ഞങ്ങൾ

ക്ക് തന്നെ അറിയില്ല. ചിലപ്പോൾ അത് മരണത്തിലേക്കാവാം. അതു കൊണ്ട് പമ്മു വരണ്ട''- അഷ പമ്മുവിനെ ഉപദേശിച്ചു.

''എങ്ങോട്ടായാലും ഞാൻ വരും. മരണത്തിലേക്കായാലും പമ്മു വീണ്ടും കരയാൻ തുടങ്ങി.

ഒടുവിൽ അഷ സമ്മതിച്ചു. ആ നാൽവർ സംഘം പറന്നുയർന്നു. എങ്ങോട്ട്? അതാർക്കും അറിയില്ലായിരുന്നു.

''നമ്മളെന്തു ചെയ്യും? എങ്ങോട്ടു പോവും?''

പറക്കുന്നതിനിടയിൽ അഷ അജിബനോട് ചോദിച്ചു.

''അധികമിങ്ങനെ ലക്ഷ്യമില്ലാതെ പറന്നിട്ടു കാര്യമില്ല. കിളിക്കുന്നിലേക്ക് പോകാം. അതായിരിക്കും നല്ലത്.'' അജിബൻ പറഞ്ഞു.

*(തുടരും)*

# നർമ്മകഥകൾ

## സ്വൽപം വൈകിപ്പോയി

''താൻ വാദിയെ അടിച്ചോ..?''

മജിസ്ട്രേറ്റ് കൂട്ടിൽ നിന്നിരുന്ന പ്രതിയോട് ചോദിച്ചു.

''അടിച്ചു''

''എന്തിനാണ് അടിച്ചത്?''

''അയാൾ ഒരു കൊല്ലം മുമ്പ് ഒരു ദിവസം എന്നെ കാണ്ടാമൃഗമേ എന്ന് വിളിച്ചു.''

''എന്നിട്ട് തല്ലിയത് കഴിഞ്ഞയാഴ്ചയാണല്ലോ?!'' മജിസ്ട്രേറ്റ് ചോദിച്ചു.

''അടിച്ച ദിവസമാണ് ഞാൻ ആദ്യമായി കാണ്ടാമൃഗത്തെ കണ്ടത്.''



## എന്തു പിശുക്ക്!



സ്കോട്‌ലണ്ടിലെ ഒരു വലിയ മുതലാളിയുണ്ടായിരുന്നു. വെള്ളം കോരുന്നതിനിടെ അയാൾ കിണറ്റിൽ വീണു. അയാളുടെ ഭാര്യ പരിഭ്രമത്തോടെ ഓടിയെത്തി. ''ഞാൻ പാടത്തു പണിയെടുക്കുന്ന നമ്മുടെ പണിക്കാരെ വിളിക്കട്ടെ...?''- ഭാര്യ ചോദിച്ചു.

''സമയമെന്തായി?''

കിണറ്റിൽ നിന്നയാൾ ചോദിച്ചു.

''പതിനൊന്നേകാൽ'' അയാൾ പറഞ്ഞു.

''എന്നാൽ പന്ത്രണ്ടിനവർ ഉച്ചഭക്ഷണത്തിന് കയറുമ്പോൾ പറഞ്ഞാൽ മതി.''

കേരളത്തിൽ ഏറ്റവും കൂടുതൽ നിയമസഭാ മണ്ഡലങ്ങളുള്ള ജില്ല- മലപ്പുറം